ഉത്തരം

(എ) ഉണ്ട്. തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നീ അഞ്ച് ജില്ലകളിൽ സർക്കാർ ഭൂമി കൈയ്യേറി പാറഖനനം നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും ഇത്തരം കേസുകളിൽ പരിശോധന നടത്തി കേരള ഭൂസംരക്ഷണ നിയമപ്രകാരം നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

(ബി) കോട്ടയം, കോഴിക്കോട് ജില്ലകളിൽ ഇത്തരം കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്.

(സി) മൂക്കുന്നിമലയിൽ ആദിവാസി സങ്കേതങ്ങൾ നിലവിലുള്ളതായി റിപ്പോർട്ട് ചെയ്തിട്ടില്ല. കൂടാതെ പ്രസ്തുത സ്ഥലത്ത് സർക്കാർ പാറയിൽ അനധികൃത കൈയ്യേറ്റം ചെയ്തതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

(ഡി) ഉണ്ട്. മൂക്കുന്നിമലയിലെ നിയമാനുസൃതമല്ലാത്ത ക്വാറികൾ നിർത്തലാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കേന്ദ്ര പുനരധിവാസ നിയമം

121(4752) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട കേന്ദ്ര പുനരധിവാസ നിയമത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് ഈ നിയമം എങ്ങനെ നടപ്പാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത: വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിന്റെ ഭാഗമായി സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റികളേയും വിദഗ്ധ സമിതികളേയും നിയോഗിച്ചിട്ടുണ്ടോ, വിശദമാക്കുമോ;

(ഡി) ഇതിനോടനുബന്ധിച്ചിട്ടുള്ള നിയമങ്ങളും മറ്റും രൂപപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഭൂവുടമകൾക്ക് വർദ്ധിച്ച നഷ്ട പരിഹാരവും പുനഃരധിവാസവും കേന്ദ്ര സർക്കാരിന്റെ പുതിയ നിയമം ഉറപ്പ് നൽകുന്നു. പാർപ്പിടം നഷ്ടപ്പെടുന്ന അർഹരായ ഗുണഭോക്താക്കൾക്ക് ഐ.എ.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി പാർപ്പിടം, വലിയ പ്രോജക്ടുകൾക്ക് ഭൂമി ഏറ്റെടുക്കുമ്പോൾ പകരം ഭൂമി, തൊഴിൽ സംരംഭമാണെങ്കിൽ അർഹതയ്ക്കനുസരിച്ച് തൊഴിൽ/ധനസഹായം എന്നിവയും വാഗ്ദാനം ചെയ്യുന്നു. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട നടപടികൾ സുതാര്യവും നിഷ്പക്ഷവും ആക്കാനാണ് പുതിയ നയം ലക്ഷ്യം വയ്ക്കുന്നത്.

(ബി) പുതിയ പൊന്നുംവില നിയമത്തെ അടിസ്ഥാനമാക്കിയുള്ള കരട് ചട്ടങ്ങൾ സർക്കാർ അംഗീകരിച്ച് 28-11-2014-ലെ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പ്രസിദ്ധീകരിച്ച തീയതി മുതൽ 30 ദിവസം വരെ ആക്ഷേപങ്ങൾ/നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ബന്ധപ്പെട്ടവർക്ക് അവസരം സർക്കാർ നൽകിയിട്ടുണ്ട്. തുടർന്ന് ചട്ടങ്ങൾ നിലവിൽ വരുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(സി) ചട്ടങ്ങൾ രൂപീകരിക്കുന്നതിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ഒരു മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടുണ്ട്. ആകൃതിൽ വ്യവസ്ഥ ചെയ്യുന്ന സമിതികളും അതോറിറ്റികളും രൂപീകരിക്കുന്നതിനുള്ള നടപടി പിന്നീട് സ്വീകരിക്കുന്നതാണ്.

(ഡി) പുതിയ പൊന്നുംവില നിയമത്തെ അടിസ്ഥാനമാക്കിയുള്ള കരട് ചട്ടങ്ങൾ സർക്കാർ അംഗീകരിച്ച് 28-11-2014-ലെ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പ്രസിദ്ധീകരിച്ച തീയതി മുതൽ 30 ദിവസം വരെ ആക്ഷേപങ്ങൾ/നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ബന്ധപ്പെട്ടവർക്ക് അവസരം സർക്കാർ നൽകിയിട്ടുണ്ട്. ഈ ആക്ഷേപങ്ങൾ/ നിർദ്ദേശങ്ങൾ പരിഗണിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

കയ്യേറ്റ ഭൂമി ഏറ്റെടുക്കുന്നതിനു നടപടി

122(4753) ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. രാജു :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനധികൃതമായി കൈവശം വച്ചിരുന്ന സർക്കാർ ഭൂമി ഏറ്റെടുത്തതിനു ശേഷം ആയത് എന്തെല്ലാം ആവശ്യങ്ങൾക്കായി വിനിയോഗിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;